**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **26-07-2021 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | 1251കി.മീ വരുന്ന മലയോരഹൈവേയുടെ 255 കി.മീ ഇതിനോടകം കരാർ നൽകി നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 69 കി.മീ പൂർണ്ണമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പേരാമ്പ്ര മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് മലയോര ഹൈവേ കടന്നു പോകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മലയോര ഹൈവേയുടെ 14.975 കി.മീ ആണ് പേരാമ്പ്ര മണ്ഡലത്തിലൂടെ കടന്നു പോകുന്നത്. |
| (സി) | ഇതിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | തൊട്ടിൽപ്പാലം മുതൽ തലയാട് വരെയുള്ള മലയോര ഹൈവേയുടെ 36 കി.മീ-യിൽ 6.2 കി.മീ റോഡിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ച് 14.25 കോടിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ചതും സ്ഥല ലഭ്യതയുള്ളതുമായ റീച്ചിൽ ഭാഗിക സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തിയിൽ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗം വനംവകുപ്പ്, നാറ്റ്പാക്ക് എന്നിവരുമായി ചേർന്ന് 06.07.2021-ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വനം വകുപ്പ് നിർദ്ദേശിച്ച പുതിയ അലൈൻമെന്റ് പ്രകാരം മാറ്റം വരുത്തുന്നതിനുള്ള സാധ്യതകൾ നാറ്റ്പാക്ക് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ